"ജീവിത വിജയത്തിന് ആധാരം വിദ്യാഭ്യാസമാണ്"

- നെഹ്റു

# അക്കാദമിക് മാസ്റ്റർപ്ലാൻ യു . പി തലം

യുപി - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **മധുരം മലയാളം**<br><br>അഞ്ചാം ക്ലാസ്സിൽ പുതിയതായി ചേരുന്ന കുട്ടികളിൽ മലയാള ഭാഷ ഉപയോഗിക്കാനറിയാത്തവരെ കണ്ടെത്തി പഠിപ്പിക്കുക | പിന്നാക്കക്കാരെ കണ്ടെത്തുന്നു.(പ്രീ -ടെസ്റ്റ്) പി ടി എ യോഗം.പ്രത്യേക പാഠ്യപദ്ധതി രൂപീകരണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | എസ്.ആർ.ജി<br>എസ്<br>.എസ്.എ<br>ഡയറ്റ്<br>പി ടി എ | 12000<br>പി ടി എ |
| **വായിച്ചു വളരുക**<br><br>വായനയിലെ പിന്നാക്കാവസ്ഥ പരിഹരിച്ച് കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br>വായന പരിപോഷിപ്പിക്കുക (വായനാപരിപോഷണം) | വായനക്കൂട്ടം രൂപീകരണം.വായന മൂല,ക്ലാസ്സ് ലൈബ്രറി എന്നിവ രൂപീകരിക്കൽ.ലൈബ്രറി നവീകരണം(സ്കൂൾ) പത്രവായന വായനാനുഭവം പങ്കുവയ്ക്കൽ.വായനക്കുറിപ്പ് തയ്യാറാക്കൽ ആസ്വാദ്യകരമായി വായിക്കാൻ.മാതൃകാവായന,വായനോത്സവം,അമ്മയ്ക്കൊരു പുസ്തകം, വായിച്ചത് കേൾക്കാം-വായന റിക്കാഡ്ചെയ്ത് കേൾപ്പിക്കൽ. ഗ്രന്ഥശാല അംഗത്വം എടുക്കൽ. വായനക്കുറിപ്പ് പതിപ്പ് . വിദ്യാരംഗം കലാസാഹിത്യ വേദി.പ്രവർത്തനം ,ക്ലാസ് സഭ,സ്കൂൾ സഭ ദിനാചരണങ്ങൾ.ആകാശവാണി ക്ലബ് വായനസാമഗ്രികൾ വികസിപ്പിക്കൽ. | | | |
| **എഴുത്തിന്റെ ലോകം**<br><br>ലേഖനം പരിപോഷിപ്പിക്കൽ<br>ലേഖനം കുട്ടിപ്പത്രം | അക്ഷരക്കാർഡ്,പദക്കാർഡ് ,വാക്കനിർമാണം,വാക്യനിർമ്മാണം ചിത്രം-അടിക്കുറിപ്പ് എഴുതുക കഥ ബാക്കി പറയൽ , എഴുതൽ | | | |

| | | | | |
|---|---|---|---|---|
| | പത്രനിർമാണം(ചാർട്ട്പേപ്പർ) ആഴ്ചയിലൊരു പത്രം ക്ലാസ് മുറിക്ക് അകത്തും പുറത്തുമുള്ള പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നിരൂപണ വിധേയമായി കുട്ടികൾ തയ്യാറാക്കുന്ന വിധം | | | |
| രചനോത്സവം | സാഹിത്യരൂപങ്ങളുടെ രചനകൾ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും പങ്കാളിത്തം . | | | |
| അമ്മക്കൂട്ടങ്ങൾ | 'മലയാളത്തിളക്കം'ത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കളുടെ പങ്കാളിത്തം ആവശ്യമാണ് അതിനായി പ്രാദേശികമായ വായനമൂലകൾ സംഘടിപ്പിക്കാൻ അമ്മക്കൂട്ടങ്ങൾ രൂപീകരിക്കുന്നു . | | എസ്.ആർ.ജി<br>പി ടി എ | 10000/- |
| കണ്ടുപഠിക്കാം | എല്ലാ ക്ലാസുകളിലും പ്രൊജക്ടർ സൗകര്യങ്ങൾ ലഭ്യമാക്കി കുട്ടികളുടെ എഴുത്തും സർഗ്ഗശേഷികളും വികസിപ്പിക്കുന്നു. | | | |
| കഥയുടെ ബാക്കി പറയൽ എഴുതൽ | ഒരു കഥയുടെ കുറച്ചുഭാഗങ്ങൾ നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു- എഴുതുന്നു. നല്ല കഥയ്ക്ക് സമ്മാനം . | | | |
| പതിപ്പ് നിർമ്മാണം | കുട്ടികളുടെ നിലവാരം അനുസരിച്ച് പുസ്തകം നൽകി വായനക്കുറിപ്പ് തയ്യാറാക്കുന്നു, എഴുതുന്നു.ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേരുടെ ഗ്രൂപ്പാക്കുന്നു. സ്വയം  പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു വായനക്കുറിപ്പ് തയ്യാറാക്കുന്നു.അധ്യാപികയുടെ  മേൽനോട്ടത്തിൽ പതിപ്പാക്കുന്നു. | | ക്ലാസ്സ് ടീച്ചർ | |
| എഴുത്തുകൂട്ടങ്ങൾ | കുട്ടികൾക്ക് സ്വന്തം രചനകൾ പരിചയപ്പെടുത്തുവാൻ ക്ലാസ് അടിസ്ഥാനത്തിൽ എഴുത്തുകൂട്ടങ്ങൾ രൂപീകരിക്കുന്നു. | | ക്ലാസ്സ് ടീച്ചർ | |
| ഭാഷാപഥം | പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പഴയകാല വാർത്തകൾ (നൂറു വർഷം | | | |

| | | | | |
|---|---|---|---|---|
| വാർത്തകൾ ശേഖരിക്കാം . | മുൻപ് ശേഖരിക്കുന്നു.അക്കാലത്തെ ഭാഷാപ്രയോഗങ്ങൾ,ശൈലികൾ, തൊഴിൽ,സാമൂഹികാവസ്ഥ എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്നു. | | | |
| നമുക്കും പ്രസംഗിക്കാം | പാഠ്യവിഷയവുമായി ബന്ധപ്പെടുത്തി ലഘുപ്രസംഗങ്ങൾ തയ്യാറാക്കാനും പരിശീലിക്കാനും പ്രഗത്ഭരെ ഉൾപ്പെടുത്തി ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | | | |
| നാടകക്കളരി | പാഠ്യാനുബന്ധ പ്രവർത്തനമായി നാടകരചനയിലും അവതരണത്തിലും പരിശീലനം പ്രഗത്ഭരെ പങ്കെടുപ്പിച്ച് | | | |
| ടെലിഫിലിം നിർമാണം | സാങ്കേതിക സഹായം നൽകിക്കൊണ്ട് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ലിംഗസമത്വം എന്ന വിഷയത്തിൽ കഥ തിരക്കഥ നിർമ്മിച്ച് കുട്ടികളെ തന്നെ അഭിനേതാക്കളാക്കുന്നു . | | | 10000/- |
| ചോദിക്കാം പറയാം | ഒരാഴ്ചയിലെ പത്രങ്ങളിലെ പ്രധാന വാർത്തകൾ കുറിച്ചുവെച്ച് ആഴ്ചാവസാനം ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.ആദ്യമൂന്ന് സ്ഥാനക്കാരെ ഉൾപ്പെടുത്തി മാസാന്ത്യ ക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു. | | | |
| കവിത ചൊല്ലാം | പാഠപുസ്തകങ്ങളിലെ കവിതകൾ ഈണത്തിൽ ചൊല്ലുന്നു.കഴിവുള്ള കുട്ടികളെ ചേർത്ത് ഗ്രൂപ്പ് ഉണ്ടാക്കി എല്ലാക്ലാസിലും അവതരിപ്പിക്കുന്നു, | | | |
| നാട്ടുനടപ്പ് | നാടിന്റെ പഴമയും പെരുമയും മനസ്സിലാക്കാനായി ആചാരങ്ങൾ വിശ്വാസങ്ങൾ,കാർഷിക സംസ്കൃതി ,യാത്ര,വ്യാപാരം ,ഭക്ഷണം എന്നീ വിഷയങ്ങളിൽ കുട്ടികൾ നടത്തുന്ന അന്വേഷണാത്മകമായ പ്രോജക്ട്. | | എസ്.ആർ.ജി | |
| സ്കൂൾ ലൈബ്രറി | വിപുലമായ സ്കൂൾ ലൈബ്രറി സജ്ജീകരിക്കുക.കുട്ടി ലൈബ്രേറിയൻ,ജന്മ ദിന പുസ്തകശേഖരണം.പുസ്തക വണ്ടി ശേഖരിച്ചപുസ്തകങ്ങൾ മറ്റു സ്കൂളുകളിൽ നിശ്ചിത ദിവസങ്ങളിൽ | | | |

| | | | | |
|---|---|---|---|---|
| | എത്തിച്ച് വായനയ്ക്ക് അവസരം നൽകുന്നു. | | | |
| ക്ലാസ് ലൈബ്രറി | യു.പി വായനയ്ക്ക് അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ, കുട്ടികൾ ,പൂർവ വിദ്യാർത്ഥികൾ,പൊതുജനങ്ങൾ,എന്നിവരുടെ സഹകരണത്തോടെ. | | എസ്.ആർ.ജി<br><br>പി ടി എ | |
| അമ്മ വായന | മാതാപിതാക്കളിലൂടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തൽ.അമ്മമാർക്ക് പുസ്തകം നൽകി  വായനക്കുറിപ്പ് ശേഖരിച്ച് മികച്ചതിന് സമ്മാനം നൽകുന്നു.അമ്മ സാഹിത്യ സമാജ രൂപീകരണം.അമ്മമാർക്കായി ശില്പശാലകൾ സംഘടിപ്പിക്കുന്നു . | | | |

## *Social Science - UP*

I .ദിനാചരണങ്ങൾ

അക്കാദമിക വർഷത്തിൽ നാം ആചരിക്കേണ്ട പ്രധാന ദിനങ്ങൾ പ്രാധാന്യത്തോടെ കുട്ടികൾ അറിയാൻ ദിനാചരണ കലണ്ടർ തയ്യാറാക്കുക

-എസ്.ആർ.ജി കൂടി ക്ലാസ് കലണ്ടർ തയ്യാറാക്കാൻ തീരുമാന മെടുക്കുന്നു.

-ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾക്ക് വിദ്യാഭ്യാസ കലണ്ടർ നൽകുന്നു.

-ഒരോ മാസത്തേയും പ്രധാന ദിനങ്ങൾ പട്ടികയാക്കുന്നു.

-ICT സാധ്യത ഉപയോഗിച്ച് കണ്ടെത്തിയവ കൂടി പട്ടികയിൽ ഉൾപ്പെടുത്തുന്നു.

-നല്ല കലണ്ടറിന് സമ്മാനം നൽകുന്നു.

(a) . **ഞാനും പരിസ്ഥിതിയും**

കുട്ടികളിൽ പാരിസ്ഥിതിക അവബോധം ഉളവാക്കുന്നു.

പരിസ്ഥിതിദിനം

-പരിസ്ഥിതിദിന സന്ദേശത്തിന്റെ ഭാഗമായി വർഷം മുഴുവൻ നടപ്പിലാക്കാവുന്ന പരിപാടികൾ

-SRG യിൽ തീരുമാനിക്കുന്നു. പരിസ്ഥിതിദിനാചരണവും തുടർ പ്രവർത്തനങ്ങളും

-മനോഹരമായ പൂന്തോട്ടം നിർമാണം (ഒരു കുട്ടിക്ക് ഒരു ചെടി)

-ഓരോ ക്ലാസിനും സ്ഥലം അനുവദിക്കുന്നു.ക്ലാസ് ടീച്ചറുടെ മേൽ നോട്ടത്തിൽ

-ശലഭങ്ങളെ ആകർഷിക്കുന്ന ഇനം ചെടികൾ നടുന്നു.

-പോസ്റ്റർ നിർമാണം .

-മൽസരങ്ങൾ സംഘടിപ്പിക്കുന്ന ക്വിസ്.

-ദിനാചരണ പതിപ്പ് തയ്യാറാക്കുന്നു.

(b) **നിലവിളിയുടെ ഓർമ്മ**

ഹിരോഷിമ ദിനം നാഗസാക്കി ദിനം (നിലവിളിയുടെ ഓർമ)

-SRG യിൽ തീരുമാനമെടുക്കുന്നു.

-സമാധാനം രൂപപ്പെടാൻ സഹായകമായ രീതിയിൽ ആചരിക്കുന്നു.

-യുദ്ധ വിരുദ്ധ റാലി.(ചുമതല വിഭജനം നടത്തുന്നു,അധ്യാപകർ,കുട്ടികൾ,രക്ഷിതാക്കൾ,എന്നിവരെ ഉൾപ്പെടുത്തുന്നു.)

-ഫിലിം പ്രദർശനം

-സഡാക്കോ കഥാപ്രസംഗം

-വെള്ളക്കൊക്ക്നിർമാണം

(c) എന്റെ നാടൊന്നുണർന്നാവു

ആഗസ്റ്റ്-15_.-സ്പെഷ്യൽ അസംബ്ലി,ചരിത്ര നാടകം (രക്ഷിതാക്കളുടെ സഹായം ഉറപ്പ് വരുത്തുന്നു.)

(d) ഗുരുവന്ദനം

സെപ്റ്റംബർ 5

-കുട്ടികൾ അധ്യാപകരായി ക്ലാസ് നയിക്കുന്നു.

-പൂർവാധ്യാപകരെ ആദരിക്കൽ

-അധ്യാപകർക്ക് കത്തെഴുതൽ

-പ്രാദേശിക വിദഗ്ധരെ കണ്ടെത്തി സെപ്റ്റംബർ 5 ന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം കൊടുക്കുന്നു.

(e) സബർമതി

ഒക്ടോബർ 2 ഗാന്ധി ജയന്തി

-ക്ലാസ് പി.ടി.എയിൽ അവതരിപ്പിക്കുന്ന തീരുമാനം എടുക്കുന്നു.

-ചിത്ര പ്രദർശനം.

-ഗാന്ധി ക്വിസ്.

-ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് വിവരങ്ങൾ നൽകാൻ വിദഗ്ധരെ കണ്ടെത്തുന്നു.

-സിനിമാ പ്രദർശനം.

-പതിപ്പ് നിർമാണം.

-നല്ല പതിപ്പിന് സമ്മാനം നൽകുന്നു.

( f )അഭിമാനപൂരിതമാകണമന്തരംഗം

നവംബർ 1

-പി.ടി.എ.യിൽ അവതരിപ്പിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നു.

-ഓരോ കുട്ടിക്കും ഒരോ ആൽബം (വിദഗ്ധരുടെയും രക്ഷിതാക്കളുടെയും സഹായം ഉറപ്പ് വരുത്തുന്നു)

കേരളം-ചിത്രങ്ങളിലൂടെ

-കേരള കവിതകളും,ഗാനങ്ങളുടെയും മത്സരം നടത്തുന്നു.

-കേരള ക്വിസ്.

-വിജയിക്ക് സമ്മാനം.

(g) ശിശുദിനം

നവംബർ 14

-ക്ലാസ് പി.ടി.എ.യിൽ തീരുമാനിക്കുന്നു.

- രക്ഷിതാക്കൾക്ക് ക്യാമ്പ്. ശിശു സൗഹൃദമാകട്ടെ നാടും വീടും.

-ദേശീയ നേതാക്കൾ - ചിത്ര ഗാലറി.

(h) പുതുവൽസരം പിറന്നു

ജനവരി 1

-ക്ലാസിൽ നോട്ടീസ് നൽകുന്നു.

-പുതുവത്സരദിനാചരണം .(അധ്യാപകർ,കുട്ടികൾ,രക്ഷിതാക്കൾ ഉൾപ്പെടെ ക്ലാസ് പി.ടി.എ.യിൽ തീരുമാനിക്കുന്നു)

-പുതുവത്സരദിന പുസ്തക സമാഹരണം.

-പുതുവർഷ സന്ദേശ രചനാ മത്സരം (കുട്ടികൾക്കും,രക്ഷിതാക്കൾക്കും)

( I ) ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ

ഫെബ്രുവരി 28

ശാസ്ത്രം രക്ഷകനോ ശിക്ഷകനോ ? സംവാദം

ശാസ്ത്രവും - കപടശാസ്ത്രവും സെമിനാർ

എല്ലാ ദിനങ്ങളും അതിന്റെ പ്രാധാന്യത്തോടെ തന്നെ നടത്തുന്നു.

II .മാലിന്യം മലിനമല്ല

പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും പഠനോപകരണങ്ങൾ നിർമിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ കണ്ടെത്തുന്നു.

പ്ലാസ്റ്റിക് മാലിന്യശേഖരണവും,ബോധവൽക്കരണവും.

- പി.ടി.എയിൽ തീരുമാനമെടുക്കുന്നു.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനയ്ക്ക് കൈമാറുന്നു (വീട്,സ്കൂൾ)
- ലഘു ലേഖകൾ വിതരണം ചെയ്യുന്നു.
- വിദഗ്ദർ ക്ലാസ്സ് നയിക്കുന്നു.
- അമ്മമാരും, മുഴവൻ കുട്ടികളും പങ്കെടുക്കുന്നു.

III കാമ്പസ് ഒരു പാഠ പുസ്തകം

എന്ന കാഴ്ചപ്പാടനുസരിച്ച് പരമാവധി ജൈവ വൈവിധ്യ മേഖല ഒരുക്കാൻ സ്കൂൾ പരിസരം പ്രയോജനപ്പെടുത്തുക.

ജൈവ വൈവിധ്യ പാർക്ക്

-പി.ടി.എ.യിൽ തീരുമാനം എടുക്കുന്നു.
-സാമ്പത്തികം കണ്ടെത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം തേടുന്നു.
-സ്കൂൾ SRG യിൽ ജൈവ വൈവിധ്യ പാർക്ക് എങ്ങനെയൊക്കെ ആയിരിക്കണം എന്ന് ചർച്ചചെയ്ത് എഴുതി ഉണ്ടാക്കുന്നു.
-ക്ലാസ് പി.ടി.എ.യിൽ അവതരിപ്പിക്കുന്നു.
-രക്ഷിതാക്കളുടെ നിർദേശം കൂടി ഉൾപ്പെടുത്തുന്നു.
-ആവാസ വ്യവസ്ഥയ്ക്കും,പ്രകൃതി വിഭവങ്ങൾക്കും,നാശം സംഭവിക്കാതെ പാർക്ക് നിർമിക്കുന്നു.

IV കാലം സാക്ഷി

ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തൽ
-സാമൂഹിക ശാസ്ത്ര ക്ലബിലെ അംഗങ്ങൾ യോഗം ചേരുന്നു.
-ലക്ഷ്യത്തിനായി പാഠഭാഗങ്ങൾ തെരഞ്ഞെടുത്തു.

-അധിക വിവര ശേഖരണത്തിനും,നിർമാണ വസ്തുക്കളുടെ ശേഖരണത്തിനുമായി ഐ.സി.ടി.സാധ്യതയും,അധ്യാപകരുടെയും,പി.ടി.എ.യുടെയും സഹായവും തേടുന്നു.
-പ്രവർത്തന പൂർത്തീകരണത്തിനായി 3 ആഴ്ച തീരുമാനിച്ചു.
-ഹെറിറ്റേജ് ക്ലബ് അംഗങ്ങളുടെയും,പി.ടി.എ.യുടെയും സഹായത്തോടെ പഴയ കാല ഉപകരണങ്ങളും,നിർമാണത്തിനാവശ്യമായ ചെലവ് കുറഞ്ഞ ഉൽപ്പന്നങ്ങളും ശേഖരിച്ചു. സാമൂഹിക ശാസ്ത്ര മ്യൂസിയം,ശിലായുഗ സംസ്കാര മാതൃക എന്നിവയ്ക്ക് രൂപം കൊടുക്കൽ.
-ഉൽപ്പന്നങ്ങളുടെ പ്രദർശനം.

V . <u>എന്റെ നാട് , എന്റെ ഭൂമി</u>
പ്രാദേശിക പഠനയാത്രയിലൂടെ നാടിന്റെ ഭൂമിശാസ്ത്രം,ജൈവ വൈവിധ്യം എന്നിവ തിരിച്ചറിയുന്നു.
<u>പ്രാദേശിക വിഭവ ഭൂപട നിർമ്മാണം</u>
- SRG യിൽ ഓരോ ക്ലാസിലും പാഠ ഭാഗവുമായി ബന്ധപ്പെട്ട് നടത്താവുന്ന പഠനയാത്ര ലിസ്റ്റ് ചെയ്യുന്ന ചാർട്ടാക്കുന്നു.
- പഠനയാത്രയുടെ ദിവസം,സ്ഥലം,എന്നിവ തീരുമാനിക്കുന്നു.രക്ഷാകർത്താക്കളുടെ സഹായം തേടുന്നു.
-പ്രാദേശിക പഠനയാത്രയെ അടിസ്ഥാനമാക്കി അനുഭവക്കുറിപ്പ്,പത്രം,അഭിമുഖറിപ്പോർട്ട് എന്നിവ തയ്യാറാക്കുവാൻ കുട്ടികളെ ഗ്രൂപ്പ് തിരിച്ച് ഏൽപ്പിക്കുന്നു.
-പ്രാദേശിക പഠനയാത്രയുടെ ചിത്രീകരണം.
-പ്രാദേശിക വിഭവ ഭൂപട നിർമ്മാണം നടത്തുന്നു. (ഗ്രൂപ്പ്)

VI . <u>കോർണർ പി.ടി.എ</u>
വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നത് അധ്യാപകർ,കുട്ടികൾ,രക്ഷിതാക്കൾ എന്നതിലുപരി പൊതു സമൂഹത്തിന്റെ കൂടി കടമയാണെന്ന ചിന്താഗതി വളർത്തുക .
<u>കോർണർ പി.ടി.എ</u>
-ആദ്യത്തെ പി.ടി.എ യിൽ തന്നെ കോർണർ പി.ടി.എ നടത്തുന്നതിനെ കുറിച്ച് ചർച്ചചെയ്യുന്നു.
-രക്ഷിതാക്കളെ കോർണർ പി.ടി.എ- യെ കുറിച്ച് ബോധവാന്മാരാക്കുന്നു.
-SRG യിൽ എങ്ങനെ നടത്തണം എന്ന് ആലോചിക്കുന്നു.
-കുട്ടികളെ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പാക്കി ലിസ്റ്റ് ചെയ്യുന്നു.
-ഓരോ ദിവസം തീരുമാനിക്കുന്നു.

-രക്ഷിതാക്കളെ അറിയുന്നു.
-വാർഡ് മെമ്പറെയും ഉൾപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്കാദമിക വർഷത്തിൽ നാം ആചരിക്കേണ്ട പ്രധാന ദിനങ്ങൾ പ്രാധാന്യത്തോടെ കുട്ടികൾ അറിയാൻ ദിനാചരണ കലണ്ടർ തയ്യാറാക്കുക. | ക്ലാസ് കലണ്ടർ തയ്യാറാക്കൽ. നല്ല കലണ്ടറിന് സമ്മാനം നൽകൽ. | രണ്ട് ആഴ്ച | SRG | 500/- രൂപ |
| ജൂൺ 5 പരിസ്ഥിതി ദിനം കുട്ടികളിൽ പാരിസ്ഥിതിക അവബോധം ഉളവാക്കുന്നു. | ഹരിതോത്സവം പരിസ്ഥിതി പ്രവർത്തകനുമായുള്ള അഭിമുഖം. മൺസൂണിന് വരവേല്പ്.<br>1.മഴക്കുഴി നിർമാണം<br>2.മഴ വെള്ള സംഭരണം<br>3.മഴയ്ക്കൊരു കത്ത് | ജൂൺ 5<br>ജൂൺ | സാമൂഹ്യശാസ്ത്രം ക്ലബ്<br>സാമൂഹിക ശാസ്ത്ര ക്ലബ് | - |
| കുട്ടികളിൽ സാമൂഹികാവബോധം വളർത്തുക. | ലോക ജനസംഖ്യാ ദിനം.<br>ജനപ്പെരുപ്പം-ഡോക്യുമെന്ററി. | ജൂലൈ 11 | സാമൂഹിക ശാസ്ത്ര ക്ലബ് | - |
| പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്നും പാഠനോ പകരണങ്ങൾ നിർമിക്കുന്നതിനും പ്രയോജന | പ്ലാസ്റ്റിക് മാലിന്യ ശേഖരണവും,ബോധവൽക്കരണവും. | സ്കൂൾ വർഷത്തിൽ 3 തവണ. | സാമൂഹിക ശാസ്ത്ര ക്ലബ് | |

| | | | | |
|---|---|---|---|---|
| പ്പെടുത്തുന്നതിനും ഉള്ള സാധ്യതകൾ കണ്ടെത്തുക. | | | | |
| ലിംഗാവബോധം,ഉണ്ടാക്കൽ ലിംഗ സമത്വം ഉണ്ടാക്കൽ. | എല്ലാ പ്രവർത്തനങ്ങളിലും ആൺ കുട്ടികൾക്കും,പെൺ കുട്ടികൾക്കും തുല്യ പങ്കാളിത്തം. | ജൂൺ-മാർച്ച് | അദ്ധ്യാപകർ. | - |
| വിദ്യാലയ പ്രവർത്തനത്തിൽ സമൂഹത്തെ ഒന്നാകെ അണിചേർക്കുക. | ഗുരുവന്ദനം.നാടിനെ അറിയുക. | സെപ്റ്റംബർ.5 | പൂർവ വിദ്യാർഥികൾ പി.ടി.എ | - |
| വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നത് അധ്യാപകർ , രക്ഷിതാക്കൾ,വിദ്യാർഥി- എന്നതിലുപരി പൊതുസമൂഹത്തിന്റെ കൂടി കടമയാണെന്ന ചിന്താഗതി വളർത്തുക. | കോർണർ പി.ടി.എ<br>ക്ലാസ്സ് പി.ടി.എ | ഓരോ ടേമിന്റെയും ആദ്യ മാസം | പി.ടി.എ വാർഡ് മെമ്പർ | - |
| വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ചവരെ വിദ്യാലയവുമായി ബന്ധപ്പെടുത്തുക. | ആഗസ്റ്റ് 15 (അഭിമുഖം) പഠനോപകരണ ശിൽപശാല | പി.ടി.എ | സാമൂഹ്യശാസ്ത്ര ക്ലബ് | - |
| ക്യാമ്പസ് ഒരു പാഠ പുസ്തകം എന്ന കാഴ്ചപ്പാടനുസരിച്ച് പരമാവധി ജൈവ വൈവിധ്യ മേഖല ഒരുക്കാൻ സ്കൂൾ പരിസരം പ്രയോജനപ്പെടുത്തുക. | ജൈവ വൈവിധ്യ പാർക്ക് ,ജൈവ പച്ചക്കറി കൃഷി പ്രചരണം.ജൈവ മാലിന്യ സംസ്കരണം . | | | |
| കുട്ടികളുടെ പഠന മികവ് സാമൂഹവുമായി പങ്കുവയ്ക്കുക. | പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ. പുരാവസ്തു പ്രദർശനം.(അന്നും ഇന്നും) | സെപ്റ്റംബർ 5 | പി.ടി.എ<br>ബി.ആർ.സി. | |
| ആധുനിക സാങ്കേതികവിദ്യ മികച്ച | ഡിജിറ്റൽ ആൽബം | | സോഷ്യൽ സയൻസ് | |

| | | | | |
|---|---|---|---|---|
| പഠന പ്രവർത്തനത്തിനായി ഉപയോഗിക്കാൻ കഴിയുക | | | ക്ലബ് | |
| പ്രാദേശിക പഠന യാത്രയിലൂടെ നാടിന്റെ ഭൂമി ശാസ്ത്രം,ജൈവ വൈവിധ്യം എന്നിവ തിരിച്ചറിയുന്നു. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം. | 2025 ജൂൺ-2026 ജനവരി | സോഷ്യൽ സയൻസ് ക്ലബ്<br>പി.ടി.എ. ,<br>എസ്.ആർ.ജി.<br>എസ്.എം.സി. | ഒരു കുട്ടിക്ക് 800/- രൂപ വീതം |
| സാമൂഹ്യ ശാസ്ത്രത്തിന്റെ ഉള്ളടക്കവും യഥാർഥ സാമൂഹ്യ വ്യവസ്ഥയും താരതമ്യം ചെയ്യുന്നതിന് | സെമിനാർ | | അധ്യാപകർ | |
| ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തൽ | സാമൂഹിക ശാസ്ത്ര സോഷ്യൽ സയൻസ് | 2025-26 | സോഷ്യൽ സയൻസ് | |

## മേഖല-അക്കാദമികം (UP - തലം)
## ഉപമേഖല :ഭാഷാശേഷിവികസനം(ഹിന്ദി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും കഴിയുക | അഞ്ചാം ക്ലാസ്സിലെ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നു. അക്ഷരക്കാർഡ്, വാക്കുകളുടെ കാർഡ്,ചിഹ്നങ്ങളുടെ കാർഡ് എന്നിവ ഉപയോഗിച്ച് ക്ലാസ്സുകൾ മെച്ചപ്പെടുത്തുന്നു 6,7 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്ക് pre-test നടത്തി അക്ഷരം അറിയാത്തവരെയും എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്നവരെയും കണ്ടെത്തുന്നു. അധിക സമയം കണ്ടെത്തി അവർക്ക് പ്രത്യേകം ക്ലാസ്സെടുക്കുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നു കോർണർ പി. ടി. എ | ജൂൺ മുതൽ ആഗസ്റ്റ് വരെ | S R G ഹിന്ദി ടീച്ചർ | |
| ഹിന്ദിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ആർജ്ജിക്കുക | ക്ലാസ്സിൽ കുട്ടികൾക്ക് സംഭാഷണം നടത്തുന്നതിനുള്ള അവസരം നൽകുന്നു ഹിന്ദിയിൽ പരസ്പരം പരിചയപ്പെടുത്തൽ നടത്തുന്നു പ്രത്യേക വിഷയം നൽകി സംവാദത്തിനുള്ള അവസരം നൽകുന്നു ഹിന്ദി അസംബ്ലി. | ആഴ്ചയിൽ ഒരിക്കൽ<br>മാസം 1 | ഹിന്ദി ടീച്ചർ | |
| ഭാഷാജ്ഞാനം വർദ്ധിപ്പിക്കുക | ക്ലാസ്സ് ലൈബ്രറിയിൽ ഹിന്ദിപുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു .ഒരു വിഷയം കൊടുത്തിട്ട്അതിനെക്കുറിച്ച് വാക്യങ്ങൾ പറയാനുള്ള അവസരം നൽകുന്നു .<br>ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു.<br>ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ICT സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നു. 'മീഠീ ഹിന്ദി,രസീലിഹിന്ദി 'പരമാവധി പ്രയോജനപ്പെടുത്തുന്നു. | മാസം-1 | | 2000/- |

| | | | | |
|---|---|---|---|---|
| മികച്ച രീതിയിൽ ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ഓരോ ക്ലാസ്സിനും ഓരോ ദിവസം ഭാഷാപരിപാടി സംഘടിപ്പിക്കുന്നു .കവിതാലാപനം (ഗ്രൂപ്പടിസ്ഥാനത്തിൽ) വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തിഅവതരിപ്പിക്കുന്നു. ഡോക്യുമെന്ററി തയ്യാറാക്കുന്നു. ഭാഷാപരിഭാഷയുള്ളഅവസരം നൽകുന്നു ഹിന്ദി - മലയാളം കവിതകളുടെ ഓഡിയോ കേൾക്കാനുള്ള അവസരം നൽകുന്നു.ക്വിസ്സ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. പഠനത്തിൽ കൂടുതൽ താത്പര്യം ഉണ്ടാക്കാൻ ICT ഉപയോഗിക്കുന്നു. ഭിന്നശേഷിക്കാരെ അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | ആഴ്ചയിൽ-1 | ഹിന്ദി ടീച്ചർ | 10000/- |
| രചനോത്സവം | ക്ലാസ്സടിസ്ഥാനത്തിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കുട്ടികളുടെ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. പാഠങ്ങൾ അടിസ്ഥാനമാക്കി ഡിക്ഷ്നറി നിർമ്മിക്കുന്നു. പാഠത്തെ ആസ്പദമാക്കിയുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. കഥയെ നാടകമാക്കുന്നു. ചെറിയ കടങ്കഥകൾ ഉണ്ടാക്കുന്നു. | വർഷത്തിൽ-1<br>ഒരുമാസം-1 | ഹിന്ദി ടീച്ചർ | |
| ദിനാചരണം | ജൂൺ-5(പര്യാവരൺദിൻ) പോസ്റ്റർ രചന,പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് വിവരണം എഴുതുന്നു.പ്രസംഗം നടത്തുന്നു.മരങ്ങളുടെ ചിത്രം വരച്ച് ഹിന്ദിയിൽ അവയുടെ പേരെഴുതാൻ അവസരം നൽകുന്നു.ജൂൺ-19 (वाचन दिन-വായന ദിനം) വായനദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ രചന, വായനക്കുറിപ്പ് തയ്യാറാക്കൽ ജൂലായ്-31:പ്രേംചന്ദ് ജയന്തി ഹിന്ദിസാഹിത്യ ക്വിസ്സ് മത്സരം കഥ,കവിത തുടങ്ങിയ രചനാമത്സരങ്ങൾ. ആഗസ്റ്റ്-6:ഹിരോഷിമ ദിൻ. പോസ്റ്റർ രചന ആഗസ്റ്റ്- 15 സ്വാതന്ത്ര്യ ദിനം ദേശഭക്തിഗാനാലാപനം.ഹിന്ദി പ്രസംഗം (हमारा देश भारत)ക്വിസ്സ് മത്സരം, ഹിന്ദി ക്ലബ്ബ്തല പ്രവർത്തനങ്ങൾ.സെപ്തംബർ-5, അധ്യാപകദിൻ. ഗുരുവന്ദനം, പ്രശ്നോത്തരി (അധ്യാപകരും കുട്ടികളും) | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി ടീച്ചർ | |
| | സെപ്തംബർ-14 ഹിന്ദി ദിനം - ഹിന്ദി അസംബ്ലി. പ്രശ്നോത്തരി,രചനാമത്സരം ഒക്ടോബർ-2 ഗാന്ധി ജയന്തി - ക്വിസ്സ് മത്സരം ചർച്ച,പ്രസംഗം നവംബർ-14 ബാലദിൻ കുട്ടികളും നെഹ്റുവും(ചർച്ച) നവംബർ-1 കേരളപ്പിറവി എന്റെ കേരളം-കവിതാരചന,വിവരണം ഡിസംബർ-7 പതാകദിനം പോസ്റ്റർ രചന. | ദിനവുമായി ബന്ധപ്പെട്ട് | ഹിന്ദി ടീച്ചർ | |

UP

**ഗണിതശേഷിവികസനം**

മധ്യകാലപ്രവർത്തനങ്ങൾ

ലക്ഷ്യം

ഗണിത ക്രിയകൾ ചെയ്യുന്നതിൽ 9 വയസ്സുള്ള കുട്ടി ആർജിക്കേണ്ട അറിവ് നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുക.

ജൂൺ - ഡിസംബർ

- കണക്കിലെ ക്രിയകൾ ചെയ്യുന്ന അറിവ് നേടിയിട്ടുണ്ടോ എന്നറിയാൻ വേണ്ടി പ്രീ-ടെസ്റ്റ് നടത്തുന്നു.
- വിലയിരുത്തുന്നു.
- എസ്. ആർ.ജി.യിൽ വിലയിരുത്തൽ പങ്ക് വയ്ക്കുന്നു. പരിഹാരബോധം എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നു.
- രക്ഷാകർത്തൃയോഗം വിളിക്കുന്നു. ബോധവൽക്കരണം നടത്തുന്നു.
- എസ്.എസ്.എ യുടെ സഹായത്താൽ പ്രത്യേകപാഠ്യപദ്ധതി വികസിപ്പിച്ച് വൈകുന്നേരം 1 മണിക്കൂർ സമയം പരിശീലനം നൽകുന്നു.
- കുട്ടികൾക്ക് സായാഹ്ന ഭക്ഷണം നൽകുന്നു.
- ഓരോ ദിവസവും വിലയിരുത്തൽ നടത്തുന്നു.
- പോസ്റ്റ് ടെസ്റ്റ് നടത്തുന്നു.
- വിലയിരുത്തൽ ക്ലാസ് പി.ടി.എ യിൽ അവതരിപ്പിക്കുന്നു.

## ദീർഘകാല പ്രവർത്തനങ്ങൾ

I. ലക്ഷ്യം

മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും, അറിവും പ്രാപ്തിയും ആർജിക്കാനുതകുന്ന പഠനാനുഭവങ്ങൾ നൽകുക.

സ്കൂൾ ബാങ്കിംഗ് 7-ാം ക്ലാസ്സിലെ കുട്ടികൾ

- ആദ്യ ആഴ്ച്ചയിൽ ക്ലാസിലെ എല്ലാകുട്ടികളും ചേർന്ന് സമ്പാദ്യം നിക്ഷേപിക്കുന്നതിനായി ബാങ്ക് ആരംഭിക്കാൻ നിർദ്ദേശം നൽകുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.
- അവസാന വെള്ളിയാഴ്ച്ച 1.30 മുതൽ 2 മണി വരെ സമയം.
- ക്യാഷ് കൗണ്ടർ ഉൾപ്പെടെ 3 കൗണ്ടറുകൾ.
- മാനേജർ, അസിസ്റ്റന്റ് മാനേജർ, പ്യൂൺ , കുട്ടികൾ തന്നെ.
- ഓരോ മാസവും ജീവനക്കാർ മാറുന്നു.
- അംഗങ്ങൾക്ക് പാസ്ബുക്ക് നൽകുന്നു, സമ്പാദ്യം ബുക്കിൽ രേഖപ്പെടുത്തുന്നു.
- നിക്ഷേപങ്ങൾക്ക് 2% വാർഷിക പലിശ നൽകുന്നു. 6 മാസം പൂർത്തിയായ മുറയ്ക്ക് പലിശ അനുവദിക്കും.
- ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ ബാങ്കിംഗ് പ്രവർത്തനം തുടരുന്നു.
- 2025 ഓണാഘോഷവേളയിൽ തങ്ങളുടെ നിക്ഷേപത്തിൽ നിന്നും 35% തുക പിൻവലിക്കുന്നു.
  പി.ടി.എയുടെ സഹായത്തോടെ നിർധനരായ കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങികൊടുക്കുന്നു. (ഓണക്കിറ്റ്)

II കൗൺസിലിംഗ് ക്ലാസുകൾ (ആഗസ്റ്റ് മാസം ജനവരി 2025)

- വ്യക്തിത്വവികസനം
- ജീവിത ശൈലിരോഗങ്ങൾ, വ്യക്തിശുചിത്വം
- എസ്.ആർ.ജി കൂടുന്നു.

- ➔ Maths Club പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.
- ➔ തീരുമാനം എടുക്കുന്നു.
- ➔ വിദ്ഗധരെ കൊണ്ടുവന്ന് ക്ലാസ് എടുപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- ➔ തീയതി തീരുമാനിക്കുന്നു.

III ലക്ഷ്യം

- കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
  പച്ചക്കറികൃഷിയിലൂടെ ഗണിതപഠനം.
- കൃഷിയുമായി ബന്ധപ്പെടുത്തി ഉറപ്പിക്കാവുന്ന പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യു.
- വിവിധതരം പച്ചക്കറി ഗ്രൂപ്പായി കൃഷിചെയ്യുന്നു.
- വളവും, ജൈവകീടനാശിനിയും വീട്ടിൽ നിന്ന് കൊണ്ട് വരുന്നു.
- ഓരോദിവസവും വളർച്ച നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
- കട്ടിയും ത്രാസും ഉപയോഗിച്ച് പച്ചക്കറികളുടെ ഭാരം കണ്ടെത്തുന്നു.

IV ലക്ഷ്യം

ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടനുസരിച്ച് പരമാവധി ജൈവ വൈവിധ്യമേഖല ഒരുക്കാൻ സ്കൂൾ പരിസരം പ്രയോജനപ്പെടുത്തുന്നു.

ഗണിതപാർക്ക്

- എങ്ങനെയെല്ലാം ആയിരിക്കണം ഗണിത പാർക്ക് എന്ന് ഗണിതാധ്യാപകർ കൂടിയിരുന്ന് തയ്യാറാക്കുന്നു.
- വിവിധതരം ജ്യാമിതീയ രൂപങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള പാർക്ക്.
- ചെടികൾ ഗണിതരൂപങ്ങളുടെ ആകൃതിയിൽ വയ്ക്കുന്നു.

ഹ്രസ്വകാലപ്രവർത്തനങ്ങൾ

I. ലക്ഷ്യം

കുട്ടികൾ അറിയാൻ

- കോർണർ പി.ടി.എ യുടെ വിവരങ്ങൾ ക്ലാസ് പി.ടി.എ.യിൽ ചർച്ച ചെയ്യുന്നു.
- തീയതി തീരുമാനിക്കുന്നു.
- ഓരോ കോർണറിലും ഉള്ള കുട്ടികളുടെ രക്ഷിതാക്കളെ അറിയുന്നു.
- പി.ടി.എ കൂടുന്നു.
- ഓരോ കുട്ടിയുടെയും വിവരങ്ങൾ ശേഖരിക്കുന്നു. പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു.
- പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നു.
- ക്ലാസ് അധ്യാപിക വിവരങ്ങൾ സ്വന്തം ഡയറിയിൽ രേഖപ്പെടുത്തുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.
- അവരുടെ രക്ഷിതാക്കൾക്ക് ബി.ആർ.സി യുടെ സഹായത്തോടെ ബോധവൽക്കരണക്ലാസ്സുകൾ നടത്തുന്നു.

II ലക്ഷ്യം

ഐ.ടി സങ്കേതം ഉപയോഗിച്ച് വിവിധ വിഷയപഠനം രസകരവും എളുപ്പവുമാക്കുന്നു.

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

- ശനിയാഴ്ചകളിൽ സ്കൂളിലെ ഐ.ടി കോർഡിനേറ്ററുടെ സഹായത്താൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിൽ ചെയ്ത് സേവ് ചെയ്യുന്നു.
- ഓരോ ടേമിലും ബി.ആർ.സി യുടെ സേവനം ലഭ്യമാകുന്നു.

III ലക്ഷ്യം

വിദ്യാലയ പ്രവർത്തനത്തിൽ സമൂഹത്തെ ഒന്നാകെ അണിചേർക്കുക. (ആഗസ്റ്റ് മാസം)

- കുട്ടികൾ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമിക്കുന്നതിന് പഠനോപകരണശില്പശാല നടത്തുന്നു.
- ശനി, ഞായർ ദിവസങ്ങളിൽ ക്ലാസ്സുകളിലെ (5,6,7) കുട്ടികളെ വരുത്തുന്നു.
- രക്ഷാകർത്താക്കളിൽ വൈദഗ്ധ്യമുള്ളവരെ ക്ലാസ് പി.ടി.എ കൂടുമ്പോൾ കണ്ടെത്തി അവരെ ഉൾപ്പെടുത്തുന്നു.
- കുട്ടികളെ ഗ്രൂപ്പായി തിരിച്ച് പാഠഭാഗങ്ങൾ തിരിച്ചു കൊടുക്കുന്നു.
- കുട്ടികൾക്ക് വിദഗ്ധർ ഉപകരണങ്ങൾ നിർമിക്കാൻ സഹായം കൊടുക്കുന്നു.
- ഉണ്ടാക്കിയ സാധനങ്ങൾ ശേഖരിക്കുന്നു.
- ഗണിത ലാബ് വിപുലപ്പെടുത്തുന്നു.
- സ്കൂളിൽ ശേഖരിച്ച പഠനോപകരണങ്ങൾ, പ്രദർശിപ്പിച്ച് ഗണിതോത്സവം നടത്തുന്നു.
- ശില്പശാലയിൽ ഒറിഗാമി പരിചയപ്പെടുത്തുന്നു. വൈദഗ്ധ്യമുള്ള രക്ഷിതാക്കളെ ഉപയോഗപ്പെടുത്തുന്നു.

IV ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ കുട്ടികളിൽ വളർത്തുന്നതിന്.

ഗണിതച്ചെപ്പ് ജൂൺ-ഒക്ടോബർ

- കുട്ടികളോട് ( ഓരോ ക്ലാസ്സും) ഗണിതകഥ, പാട്ട് എന്നിവ ശേഖരിച്ച് പോർട്ട് ഫോളിയോയിൽ എഴുതിക്കുന്നു.

- ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു.
- എസ്.ആർ.ജി യിൽ ചർച്ച ചെയ്ത് പ്രവർത്തനമേഖലകൾ നിശ്ചയിക്കുന്നു.
- പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കലണ്ടർ തയ്യാറാക്കുന്നു.
- അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക പഠനാനുഭവങ്ങൾ ഒരുക്കുന്നു.
- പ്രവർത്തനപുരോഗതി എസ്.ആർ.ജി യിൽ വിലയിരുത്തി പി.ടി.എ യോഗത്തിൽ പങ്കുവയ്ക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതക്രിയകൾ ചെയ്യുന്നതിൽ 9 വയസ്സുള്ള കുട്ടി ആർജ്ജിക്കേണ്ട അറിവ് നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുക. | ചതുഷ്ക്രിയകൾ ചെയ്യാനറിയാത്തവരെ കണ്ടെത്തി പഠിപ്പിക്കുന്ന പദ്ധതിതയ്യാറാക്കിസമയം കണ്ടെത്തിപരിശീലിപ്പിക്കുക. | 6 മാസം | ഗണിതാധ്യാപകർ | 16000/- രൂപ |
| മത്സാരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻആവശ്യമായ ആത്മവിശ്വാസവും, അറിവും, പ്രാപ്തിയും ആർജിക്കാനാകുന്ന പഠനാനുഭവങ്ങൾ നൽകുക. | സ്കൂൾബാങ്കിംഗ് കൗൺസിലിംഗ് ക്ലാസ്സുകൾ | 2025-26 | ഗണിതാധ്യാപകർ | 1000/- രൂപ ക്ലാസ്സ്ഒന്നിന് |
| കാർഷിക സംസ്കാരം വളർത്തിയെടുക്കുക. | പച്ചക്കറികൃഷിയിലൂടെ ഗണിതപഠനം | 2025-26 | പി.ടി.എ ഗണിതാധ്യാപകർ | 10000/- രൂപ |
| വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ചവരെ വിദ്യാലയവുമായി ബന്ധപ്പെടുത്തുക. | ഗണിതം രസകരമാക്കാൻ പറ്റിയ തന്ത്രങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് കഴിവുള്ള വിദഗ്ധരുടെ ക്ലാസ്. | ജൂലൈ മാസം സെപ്റ്റംബർ മാസം ജനുവരി മാസം | ഗണിത ക്ലബ് | 8000/- രൂപ |

| | | | | |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനത്തിൽ സമൂഹത്തെ ഒന്നാകെ അണിചേർക്കുക. | ഗണിതോത്സവം ഗണിതലാബിന്റെ വിപുലീകരണം.<br>സഹവാസക്യാമ്പ് പഠനോപകരണ ശില്പശാല | ഒക്ടോബർ - നവംബർ | പി.ടി.എ അധ്യാപകർ, രക്ഷാകർത്താക്കൾ | 10000 രൂപ |
| അക്കാദമിക വർഷത്തിൽ നാം ആചരിക്കേണ്ട പ്രധാനദിനങ്ങൾ പ്രാധാന്യത്തോടെ കുട്ടികൾ അറിയാൻ ദിനാചരണകലണ്ടർ തയ്യാറാക്കുക. | ഒരു ക്ലാസ്, ഒരു കലണ്ടർ ദിനാചരണത്തിന് അനുയോജ്യമായ പ്രാദേശിക വിദഗ്ധരെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ. | ഡിസംബർ 22 (രാമാനുജൻ) | ഗണിതക്ലബ് കുട്ടികൾ അധ്യാപകർ | 2000 രൂപ |
| കലാകായികം,പഠന പ്രവൃത്തിപരിചയ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും. | ഗണിത നാടകം ഒറിഗാമി പഠനോപകരണ ശില്പശാല | 6 മാസം ജൂലൈ മാസം നവംബർ മാസം ഫെബ്രുവരി മാസം | പ്രത്യേകപരിശീലനം ലഭിച്ച വ്യക്തികൾ ഗണിതക്ലബ് പി.ടി.എ എസ്. ആർ.ജി പൂർവ്വവിദ്യാർത്ഥികൾ, മദർ പി.ടി.എ അംഗങ്ങൾ. | 10000/-രൂപ |
| പാരിസ്ഥിതികാവബോധം പ്രദാനം ചെയ്യുന്നതിനാവശ്യമായ പഠനാനുഭവങ്ങൾ നൽകുക. | പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>അഭിമുഖം (വിദഗ്ധരുമായി) | ജനുവരി 2026 | അധ്യപകർ പി.ടി.എ | 6000/- രൂപ |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ | ഗണിതച്ചെപ്പ് | ജൂൺ - | എസ്.ആർ.ജി | 2000/- രൂപ |

| | | | | |
|---|---|---|---|---|
| പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ കുട്ടികളിൽ വളർത്തുന്നതിന്. | | ഒക്ടോബർ | അധ്യാപകർ | |
| കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടനുസരിച്ച് പരമാവധി ജൈവവൈവിധ്യമേഖല ഒരുക്കാൻ സ്കൂൾ പരിസരം പ്രയോജനപ്പെടുത്തുക. | ജൈവവൈവിധ്യം നിലനിർത്തിക്കൊണ്ടുള്ള ഗണിത പാർക്ക് | 2025-26 | പഞ്ചായത്ത് പി.ടി.എ | 50000 രൂപ |
| കുട്ടികളെ അറിയൽ | കോർണർ പി.ടി.എ ഓരോ കുട്ടിയുടെയും വിവരങ്ങൾ രേഖപ്പെടുത്തൽ. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി തയ്യാറാക്കൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | 2025-26 | അധ്യാപകർ വാർഡ്മെമ്പർ പി.ടി.എ | ക്ലാസ് ഒന്നിന് 1000/- രൂപ |
| ഐ.ടി. സങ്കേതം ഉപയോഗിച്ച് വിവിധ വിഷയപഠനം രസകരവും എളുപ്പവുമാക്കുന്നു. | എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിവുള്ളവരാക്കിത്തീർക്കുന്ന തിന് ഡയറ്റ്, ബി.ആർ.സി ഇടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തൽ | 2025-26 | അധ്യാപകർ | |

**2025-26**

**മധ്യകാലപ്രവർത്തനങ്ങൾ**

ലക്ഷ്യം

ഗണിത ക്രിയകൾ ചെയ്യുന്നതിൽ 9 വയസ്സുള്ള കുട്ടി ആർജിക്കേണ്ട അറിവ് നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുക.

ജൂൺ - ഡിസംബർ

- ➔ *കണക്കിലെ ക്രിയകൾ ചെയ്യുന്ന അറിവ് നേടിയിട്ടുണ്ടോ എന്നറിയാൻ വേണ്ടി പ്രീ-ടെസ്റ്റ് നടത്തുന്നു.*

# *UP Science*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| 5,6,7 ക്ലാസ്സുകളിലെ കുട്ടികൾ ശാസ്ത്രാഭിരുചി വർദ്ധിക്കുന്നതിന് ശാസ്ത്രപരീക്ഷണ പരിശീലന പദ്ധതി | താഴ്ന്നക്ലാസ്സിൽ പഠിച്ച പരീക്ഷണങ്ങൾ ലാബിൽചെയ്യുന്നു. പരീക്ഷണ ഉപകരണങ്ങൾ ഉണ്ടാക്കുന്നു | 2025-27 | സയൻസ് ക്ലബ് ,സയൻസ്അധ്യാപകർ | 20000 രൂപ |
| <u>കൃഷിശാസ്ത്രം</u> കുട്ടികൾക്ക് വിഷരഹിത പച്ചക്കറി ലഭിയ്ക്കാൻ കാർഷിക സംസ്ക്കാരം അറിയാൻ | ഓരോ ക്ലാസ്സുകാർക്കും പ്രത്യേകം ഇടം നൽകി കൃഷിയ്ക്കാവശ്യമായ സാധനങ്ങളും വിത്തും നൽകി വിവിധ പച്ചക്കറികൾ കൃഷിചെയ്യിപ്പിക്കുന്നു. കർഷകനമായുള്ള അഭിമുഖം | 6 മാസം | ശാസ്ത്ര അധ്യപകർ, എസ്.എം.സി പി.ടി.എ | 5000 രൂപ |
| അക്കാദമിക വർഷത്തിൽ നാംആചരിക്കേണ്ട പ്രധാന ശാസ്ത്രദിനങ്ങൾ പ്രധാന്യത്തോടെ കുട്ടികൾ അറിയാൻ ദിനാചരണകലണ്ടർ തയ്യാറാക്കുന്നു. | ഓരോമാസവും ശാസ്ത്രദിനങ്ങൾ കണ്ടെത്തി ശാസ്ത്രകലണ്ടർ കുട്ടികളെ കൊണ്ട് തയ്യാറാക്കിക്കുന്നു(ക്ലാസ്സ്അടിസ്ഥാനം) | 2025-26 | ശാസ്ത്രഅധ്യാപകർ, കുട്ടികൾ,ശാസ്ത്ര ക്ലബ് | 2000 രൂപ |

| | | | | |
|---|---|---|---|---|
| കൗതുകം , വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിനുള്ള പഠനയാത്രകൾ സംഘടിപ്പിക്കുന്നു | കണ്ടൽക്കാടുകൾ,താപവൈദ്യുത നിലയങ്ങൾ,ജലവൈദ്യുത നിലയങ്ങൾ സന്ദർശനം | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ | 5000 രൂപ |
| ജൈവകൃഷിയെക്കുറിച്ചും ജൈവകീടനാശിനിയുടെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികളിൽ അവബോധം വളർത്തിയെടുക്കുന്നു | ജൈവകൃഷിരീതിയിലൂടെ സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. ജൈവകീടനാശിനികൾ കുട്ടികളെക്കൊണ്ട് തയ്യാറാക്കിക്കുന്നു. (പുകയില കഷായം,വേപ്പെണ്ണ.......) | 10 മാസം | ശാസ്ത്രക്ലബ്, കുട്ടികൾ,ശാസ്ത്ര അധ്യാപകർ | 20000 രൂപ |
| പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്ന് പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക | പ്ലാസ്റ്റിക് മാലിന്യശേഖരണം, ബോധവത്ക്കരണം, പഠനോപകരണ നിർമ്മാണം. (പാവനിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം ) | 9 മാസം | ശാസ്ത്ര ക്ലബ്,കുട്ടികൾ,ശാസ്ത്ര അധ്യാപകർ | 1000 രൂപ |
| ജൈവവൈവിധ്യ ഉദ്യാനം | ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തി പ്ലാൻ തയ്യാറാക്കുക. | 2018-2019 | സയൻസ് ക്ലബ്ബ് പി. ടി. എ. സയൻസ് അധ്യാപകർ | 50000/- |

| | | | | |
|---|---|---|---|---|
| ജീവിതശൈലി രോഗങ്ങൾ, വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധത്തിന്റെ പാഠങ്ങൾ കുട്ടികളിൽ എത്തിക്കുക. | ആരോഗ്യ പ്രവർത്തകർ, ഡോക്ടർമാർ തുടങ്ങിയവരുടെ സഹായത്തിൽ ക്ലാസ്സ് നടത്തുന്നു. | ജൂലൈ ,ഒക്ടോബർ, ജനുവരി | സയൻസ് ക്ലബ്ബ് പി. ടി. എ, സയൻസ് അധ്യാപകർ | 6000/- |
| പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനുമുള്ള മനോഭാവം സൃഷ്ടിക്കുക. | നക്ഷത്രക്കൂട്ടങ്ങളെയും ഗ്രഹങ്ങളെയും നിരീക്ഷിക്കുന്നതിനും അവസരം നൽകുന്നു, സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു . | ഒക്ടോബർ- 4-10 | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ | 25000/- |
| കുട്ടികൾക്ക് ശാസ്ത്രീയരീതി ബോധ്യപ്പെടുന്ന തരത്തിൽ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ശാസ്ത്രോത്സവം നടത്തുന്നു. | കുട്ടികളെ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നു, പാഠഭാഗവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ പ്രദർശനം പതിപ്പുകൾ, വിസ്മയമുണർത്തുന്ന ശാസ്ത്രമാസികകൾ തുടങ്ങിയവയുടെ പ്രദർശനം. | ഫെബ്രുവരി ആദ്യത്തെ ആഴ്ച | ശാസ്ത്ര അധ്യാപകർ പി.ടി എ സയൻസ് ക്ലബ്ബ് | 5000/- |

"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

ഗാന്ധിജി

# അക്കാദമിക് മാസ്റ്റർപ്ളാൻ എച്ച് . എസ് തലം

## അക്കാദമികം – ഹ്രസ്വകാല പ്രവർത്തനങ്ങൾ
## മലയാളം ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **അക്ഷരക്കളരി**<br>എട്ടാം ക്ലാസ്സിൽ വന്നു ചേരുന്ന കുട്ടികളിൽ വാചികം, ലിഖിതം എന്നീ പ്രകടനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠിപ്പിക്കുന്നു | കുട്ടികളെ കണ്ടെത്തുക – കുട്ടികളുടെ പേരു വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർക്കുന്നു. രക്ഷാകർത്തൃയോഗം വിളിച്ചു കൂട്ടുന്നു. കുട്ടികളുടെ പിന്നാക്ക അവസ്ഥയെ കുറിച്ചുള്ള ധാരണ രക്ഷിതാക്കളിൽ ശ്രദ്ധാ പദ്ധതിയിൽ പങ്കാളിത്തം നല്കി കൂടുതൽ പരിശീലനം നല്കുന്നു | ജൂൺ മുതൽ നവംബർ വരെ | എസ്.ആർ.ജി മലയാളം | 20000 രൂപ പി.ടി.എ, എസ്.എം.സി |
| **അമ്മവായന**<br>ഗൃഹാന്തരീക്ഷത്തിൽ കുട്ടികളുടെ പഠനം സുഗമമാകാൻ അമ്മമാരുടെ ശ്രദ്ധയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് | സ്കൂൾ ലൈബ്രറിയിൽ നിന്നും തെരഞ്ഞെടുത്ത പുസ്തകങ്ങൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് നൽകുന്നു. നിശ്ചിത സമയത്തിനുള്ളിൽ പുസ്തകങ്ങൾ മടക്കിത്തരാൻ നിർദ്ദേശിക്കുന്നു. | ജൂലൈ മുതൽ ആഗസ്റ്റ് വരെ | എസ്.എം.സി | 5000 രൂപ |
| സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനും സമൂഹപങ്കാളിത്തം ഉറപ്പാക്കുന്നതിനും | സമീപത്തുള്ള വൃദ്ധസദനങ്ങൾ സന്ദർശിക്കുന്നു. പുതുവസ്ത്രങ്ങളും അവശ്യസാധനങ്ങളും നൽകുന്നു | ജൂൺ | എസ്.എം.സി പി.ടി.എ | 10000 രൂപ |
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിനു വേണ്ടി | ചെറുകഥ, കവിത രംഗത്ത് പ്രഗത്ഭരായ ആളുകളുടെ സഹായത്തോടെ ഏകദിന രചനാശിൽപശാല,<br>പത്രം, കൈയെഴുത്തുമാസിക. | ജൂലൈ | എസ്.ആർ.ജി മലയാളം | 5000 രൂപ |

| | | | | |
|---|---|---|---|---|
| പാഠപുസ്തകാധിഷ്ഠിതമായി നാടക പരിശീലനം കുട്ടികൾക്ക് നൽകി അഭിനയസാധ്യത പ്രയോജനപ്പെടുത്തുന്നു. | കുട്ടികളെ കണ്ടെത്തുക. തിരക്കഥ രചന. നാടകാവിഷ്കാരം | 2025-26 | പി.ടി.എ | 10000 രൂപ |
| സാമൂഹ്യപ്രസക്തമായ വിഷയങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത വിഷയത്തെ അധികരിച്ച് ടെലിസീരിയൽ നിർമ്മാണം. | സാങ്കേതിക സഹായം തേടുന്നു കഥ. തിരക്കഥ - നിർമ്മാണം | | എസ്.എം.സി<br>പി.ടി.എ | 50000 രൂപ |
| <u>ലോക പരിസ്ഥിതി ദിനം</u><br>പരിസ്ഥിതി ബോധവൽക്കരണം കുട്ടികളിൽ | പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി അനുസ്മരിപ്പിക്കുന്ന കവിതകൾ, കഥകൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ പ്രദർശനം. | ജൂൺ ആദ്യവാരം | എസ്.ആർ.ജി മലയാളം ഫോറസ്ട്രി ക്ലബ്ബ് | 1000 രൂപ |
| <u>വായന ദിനം</u><br>മലയാളിയെ വായനയുടെ വശ്യമായ ലോകത്തേക്കുനയിച്ച പി.എൻ പണിക്കരുടെ ചരമദിനം. കുട്ടികളിൽ വായനശീലം വളർത്തുന്നതിന്. സജ്ജമാക്കൽ<br><br>ക്ലാസ്സ്റൂം ലൈബ്രറി | സ്കൂൾ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുസ്തക പ്രദർശനം. പുസ്തക വിതരണം.<br>രചനാമത്സരങ്ങൾ<br>വായനമത്സരങ്ങൾ<br>ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചാഘട്ടങ്ങളെ പരാമർശിക്കുന്ന ചാർട്ടുകളുടെ പ്രദർശനം.<br>കുട്ടികളുടെ കഥയരങ്ങ്, കവിയരങ്ങ്.<br>പുസ്തകാസ്വാദനക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം. | ജൂൺ അവസാന വാരം | എസ്.ആർ.ജി മലയാളം ലൈബ്രറി കൗൺസിൽ വിദ്യാരംഗം കലാസാഹിത്യവേദി RMSA ,SMC പൂർവവിദ്യാർഥി സംഘടന | 2000 രൂപ |

| | | | | |
|---|---|---|---|---|
| **ബഷീർ ചരമദിനം**<br>ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിനെയും അദ്ദേഹത്തിന്റെ കൃതികളേയും അടുത്തറിയുവാൻ. | ബഷീറിനോടുള്ള ആദര സൂചകമായി മാങ്കോസ്റ്റിൻ വൃക്ഷത്തൈ വിദ്യാലയാങ്കണത്തിൽ നടുന്നു.<br>ബഷീർ കൃതികളെ ആസ്പദമാക്കി ക്വിസ് മത്സരം.<br>ബഷീർ കൃതികളിലെ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള ചിത്രരചനാമത്സരം | ജൂലൈ ആദ്യവാരം | എസ്.ആർ.ജി മലയാളം | 1000 രൂപ |
| **കർഷകദിനം**<br>കൃഷിയുടെ മഹത്വം തിരിച്ചറിയാനും കാർഷിക സംസ്കാരത്തിലേയ്ക്ക് മടങ്ങിപ്പോവേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മനസ്സിലാക്കുന്നതിനും. | പഴയകാർഷികോപകരണങ്ങളുടെ പ്രദർശനം. കൃഷിപ്പാട്ടുകൾ - അവതരണം കർഷകനെ ആദരിക്കൽ.കൃഷിയുടെ പ്രഭാവത്തെ പ്രകീർത്തിക്കുന്ന കവിതകൾ, കഥകൾ നാടകം- അവതരണം | ആഗസ്റ്റ് ( ചിങ്ങം 1) | പി.ടി.എ | |
| **അധ്യാപകദിനം** | ഗുരുവന്ദനം ഗുരുസ്മരണ കാത്തുർ കഥകൾ, അവലോകനം | സെപ്റ്റംബർ 5 | | |
| കേരളീയ കലകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന്<br>വയലാർ ചരമദിനം | കലാകാലന്മാരുമായി അഭിമുഖം. കഥകളി, തുള്ളൽ എന്നീ ദൃശ്യകലകളുടെ അവതരണം വയലാർ കവിതകൾ അവതരണം.<br>പഠനയാത്ര – അമ്പലപ്പുഴ കുഞ്ചൻ സ്മാരകം,ആശാൻസ്മാരകം കലാമണ്ഡലം - ചെറുതുരുത്തി | ഒക്ടോബർ | | 22000 രൂപ |
| **വയലാർ ചരമദിനം** | വയലാർ കവിതകൾ അവതരണം<br>ചലച്ചിത്രഗാനങ്ങൾ - ആലാപനമത്സരം | | | |

| | | | | |
|---|---|---|---|---|
| **<u>അമ്മമലയാളം</u>**<br>കേരളപ്പിറവി ദിനം<br>ശ്രേഷ്ഠ ഭാഷാദിനം. നാടിന്റെയും ഭാഷയുടെയും ചരിത്രം മനസ്സിലാക്കുന്നു. | സാഹിത്യം, ചരിത്രം - വിഷയങ്ങളെ ആസ്പദമാക്കി ക്വിസ്. കേരളപ്പിറവിക്കു മുമ്പ് - ഡോക്യുമെന്ററി നിർമ്മാണം. ഘോഷയാത്ര സംഘടിപ്പിക്കുന്നു. വിവിധ കലാരൂപങ്ങളുടെ ആവിഷ്കാരം കേരളീയ വാദ്യങ്ങളുടെ പ്രകടനം. | ഒക്ടോബർ 27<br>നവംബർ 1 | എസ്.എം.സി,<br>പി.ടി.എ<br>എസ്.ആർ.ജി മലയാളം | 25000 രൂപ |
| **<u>ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ജന്മദിനം</u>** | ശബ്ദതാരാവലി, മലയാളത്തിലെ മറ്റു നിഘണ്ടുക്കൾ - പ്രദർശനം. നിഘണ്ടു നോക്കി പദങ്ങളുടെ അർത്ഥം മനസ്സിലാക്കാനുള്ള പരിശീലനം.പാഠപുസ്തകത്തിലെ തെരഞ്ഞെടുത്ത യൂണിറ്റ് അടിസ്ഥാനമാക്കി കുട്ടികളുടെ നിഘണ്ടു നിർമ്മാണം . | നവംബർ 27 | പി.ടി.എ.<br>എസ്.എം.സി | |
| **<u>തോപ്പിൽ ഭാസിചരമദിനം</u>**<br>തോപ്പിൽ ഭാസിയെയും അദ്ദേഹത്തിന്റെ കൃതികളെയും പരിചയപ്പെടുത്തുന്നതിന് കുട്ടികളിൽ നാടകാഭിരുചി വളർത്തുന്നതിന് | തോപ്പിൽ ഭാസിയുടെ നാടകപ്രദർശനം.<br>കുട്ടികളെ കണ്ടെത്തുക നാടകകഥ – രൂപീകരണം, തിരക്കഥ രചന, നാടകാവിഷ്കാരം | | | 25000 രൂപ<br>1000 രൂപ |
| കവിതകളുടെ ദൃശ്യാവിഷ്കാരം | 'വേദം' കവിതയുടെ ദൃശ്യാവിഷ്കാരം നടത്തുന്നതിന് കുട്ടികളെ കണ്ടെത്തുവാൻ നിർദ്ദേശിക്കുന്നു. | | എസ്.ആർ.ജി മലയാളം | |
| **<u>പാഠപുസ്തക പ്രദർശനദിനം</u>**<br>പാഠപുസ്തകങ്ങളുടെ ഭാഷ, ലിപി, വിന്യാസം, രൂപകല്പന തുടങ്ങിയ | മുൻതലമുറകൾ പഠിച്ചിരുന്ന പാഠപുസ്തകങ്ങൾ സമ്പാദിച്ച് പ്രദർശിപ്പിക്കുന്നു.സ്കൂളുകളിലും ഗ്രാമത്തിലും ലൈബ്രറികളിൽ നിന്നും | | എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| താരതമ്യം ചെയ്യുന്നതിന്. | പുസ്തകങ്ങൾ ശേഖരിക്കുന്നു. | 2025-26 | മലയാളം | 1000/- |
| <u>തുഞ്ചൻദിനം</u> | കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ജന്മദിനാചരണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ കൃതികളുടെ പ്രദർശനം.<br><br>എഴുത്തച്ഛന്റെ സംഭാവനകൾ<br>എഴുത്തച്ഛൻ - നവയുഗസ്രഷ്ടാവ് - വിഷയത്തെ ആസ്പദമാക്കി സെമിനാർ | 2025-26 | എസ്.ആർ.ജി മലയാളം | 500/- |
| ലോകോത്തര ചിത്രങ്ങൾ പരിചയപ്പെടുത്തുന്നതിനും അവയിലെ പ്രമേയം, കാലം, ദേശം, സാമൂഹികപ്രസക്തി എന്നിവ ഉൾക്കൊള്ളുന്നതിന്. | ചിത്ര – ഫോട്ടോ ശേഖരണം പ്രമുഖരായ ചിത്രകാരന്റെ സഹായത്തോടെ ശില്പശാല സംഘടിപ്പിക്കുന്നു. കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം. മാവേലിക്കര ആർട്ട് ഗ്യാലറി സന്ദർശനം. | 2025-26 | | 5000/- |
| <u>സാഹിത്യക്യാമ്പ്</u><br>കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിന് | വിവിധ മേഖലകളിലുള്ള സാഹിത്യകാരൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് തെരഞ്ഞെടുത്ത കുട്ടികൾക്കായി സാഹിത്യക്യാമ്പ് | | | |
| <u>എഴുത്തച്ഛനെത്തേടി</u><br>നാടിന്റെ അഭിമാനമായിത്തീർന്ന സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ജീവിത പശ്ചാത്തലത്തെക്കുറിച്ച് നേരിട്ടറിയുന്നതിന്. | ജില്ലയിലെ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ സാഹിത്യകാരന്മാരുടെ പേരുകൾ ലിസ്റ്റ് ചെയ്യുക. അവരുടെ കൃതികളുടെ പ്രദർശനം, ജന്മസ്ഥലം സന്ദർശിക്കുന്നു. നൂതനമായ അനുഭവങ്ങൾ നേടുന്നു. | | | |
| <u>മണ്ണിന്റെ മണം തേടി</u><br>കാർഷിക സംസ്കാരത്തെപ്പറ്റി കുട്ടികളിൽ അവഗാഹം | കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നു. കർഷകരുമായി അഭിമുഖം. വിവിധ കൃഷിരീതികളെ കുറിച്ച് മനസ്സിലാക്കുന്നു. | 2025-26 | പി.ടി.എ എച്ച്.എം.സി | 10000/- |

| | | | | |
|---|---|---|---|---|
| സൃഷ്ടിക്കുന്നതിന്<br>കാർഷികാഭിരുചി<br>വളർത്തുന്നതിന് | സ്വന്തമായി കൃഷികൾ ആരംഭിക്കുന്നു. | | | |
